പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1346 06/03/2020- ൽ മറുപടിയ്ക്ക്

# കാർഷികോല്പന്നങ്ങൾക്ക് ന്യായവില

ചോദ്യം

ശ്രീ.കെ.എൻ.എ ഖാദർ
ശ്രീ.പി.കെ.ബഷീർ
ശ്രീ.പാറക്കൽ അബ്ദുല്ല
ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്

ഉത്തരം

ശ്രീ. വി.എസ്. സുനിൽ കുമാർ
(കൃഷി വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ കാർഷികോല്പന്നങ്ങൾക്ക് ഉല്പാദനച്ചെലവിന് ആനുപാതികമായി വില ലഭ്യമാകുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് സർക്കാരിന്റെ നയം വ്യക്തമാക്കുമോ;

(എ) വില ലഭിക്കുന്നുണ്ട്. എന്നാൽ കയറ്റുമതി ചെയ്യുന്ന വിളകൾക്ക് നിലവിലുള്ള ആഗോള കരാറുകളുടെ അടിസ്ഥാനത്തിൽ പ്രതീക്ഷിക്കുന്ന വില ലഭിക്കുന്നില്ല എന്നത് വാസ്തവമാണ്. കർഷകരെ ദോഷകരമായി ബാധിക്കുന്ന ആഗോള കരാറുകളിൽ നിന്നും കേന്ദ്ര സർക്കാർ പിൻവാങ്ങണം എന്നതുതന്നെയാണ് സംസ്ഥാന സർക്കാരിന്റെ നയം.

(ബി) കാർഷികോല്പന്നങ്ങൾക്ക് ന്യായവില ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ബി) സംസ്ഥാനത്തെ കാർഷികോല്പന്നങ്ങൾക്ക് ന്യായവില ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനായി സർക്കാർ 'വിലസ്ഥിരതാ പദ്ധതി' നടപ്പാക്കുന്നുണ്ട്. സംസ്ഥാനത്തെ നെൽക്കർഷകരെ സഹായിക്കുന്നതിനായി സർക്കാർ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന നെല്ല് സംഭരണം നടത്തുന്നുണ്ട്. കേന്ദ്രസർക്കാർ നിശ്ചയിച്ച താങ്ങുവില കിലോയ്ക്ക് 18.15 രൂപയ്ക്ക് പുറമേ സംസ്ഥാനസർക്കാർ സ്റ്റേറ്റ് ഇൻസെന്റീവ് ബോണസായി നൽകുന്ന 8.80 രൂപയും ചേർത്ത് ആകെ 26.95 രൂപ സംഭരണ വിലയായി നെല്ലിന് കിലോയ്ക്ക് നൽകുന്നുണ്ട്.

കേരളത്തിലെ നാളീകേരത്തിന്റെ വിലസ്ഥിരത ഉറപ്പാക്കുന്നതിന് സർക്കാർ പച്ചത്തേങ്ങ സംഭരണം പുനരാരംഭിച്ചിട്ടുണ്ട്. കേരഫെഡിനേയും, കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷനേയും

ആണ് നോഡൽ ഏജൻസിയായി സംഭരണത്തിന് ചുമതലപ്പെടുത്തിയിരിക്കുന്നത്. പച്ചത്തേങ്ങ കിലോയ്ക്ക് 27/- രൂപ നിരക്കിൽ ആണ് സംഭരിക്കുന്നത്. ഓരോ ദിവസത്തേയും 'എടുത്തപടി കൊപ്ര'യുടെ കോഴിക്കോട് കമ്പോള വിലയുടെ അടിസ്ഥാനത്തിൽ തേങ്ങയുടെ വില നിശ്ചയിക്കാൻ കേരഫെഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനും, റബ്ബർ കൃഷി ലാഭകരമാക്കുന്നതിനും കേരളസർക്കാർ റബ്ബർ വിലസ്ഥിരതാ പദ്ധതി നടപ്പാക്കിവരുന്നുണ്ട്. 150/- രൂപയാണ് റബ്ബറിന് താങ്ങുവിലയായി നൽകുന്നത്. റബ്ബർ ബോർഡ് റബ്ബറിന് കിലോയ്ക്ക് അതാതുദിവസം പ്രസിദ്ധീകരിക്കുന്ന വിലയും, റബ്ബറിന്റെ താങ്ങുവിലയും തമ്മിലുള്ള വ്യത്യാസം റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തിയ ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡി ആയി കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ഇലക്ട്രോണിക് ട്രാൻസ്ഫർ ആയി നൽകുന്നു.

കൂടാതെ കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ 'വിപണി ശക്തിപ്പെടുത്തൽ പദ്ധതി' പ്രകാരം കേരളത്തിൽ ഒട്ടാകെ 400 ആഴ്ചചന്തകൾ, 214 എക്കോഷോപ്പുകൾ പച്ചക്കറി വികസന പദ്ധതിയുടെ കീഴിൽ ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ഒർഗനൈസേഷൻ വിപണികൾ, ഓർഗാനിക് എക്കോഷോപ്പുകൾ എന്നിവ നടത്തിവരുന്നു.

കൂടാതെ ഹോർട്ടിക്കോർപ്പ്, പഴം - പച്ചക്കറികളുടെ സംഭരണ വിതരണത്തിലൂടെ വിലനിലവാരം നിയന്ത്രിക്കാൻ . സ്വന്തം സ്റ്റാളുകളിലൂടെയും, ഫ്രാഞ്ചൈസികളിലൂടെയും പച്ചക്കറി ന്യായവിലയ്ക്ക് വിതരണം ചെയ്ത് വരുന്നു.

ഉത്സവ സീസണുകളിൽ പഴം - പച്ചക്കറികളുടെ വലസ്ഥിരത ഉറപ്പാക്കുന്നതിന് സർക്കാർ 'വിപണി ഇടപെടൽ' പദ്ധതി നടപ്പാക്കുന്നു. കൃഷി വകുപ്പ്, ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ പഴം - പച്ചക്കറികൾ കർഷകരിൽ നിന്നും സംഭരിച്ച് പൊതുവിപണികൾ നടത്തിവരുന്നു.

കർഷകർക്ക് മികച്ച വരുമാനം ഉറപ്പാക്കാനും, ഉപഭോക്താക്കൾക്ക് ന്യായവിലയ്ക്ക് പഴം - പച്ചക്കറി എന്നിവ ലഭിക്കുന്നതിനും, കൃഷി വകുപ്പ്, കർഷകർക്ക് ന്യായവില നൽകിക്കൊണ്ട് പച്ചക്കറികൾ സംഭരിക്കുകയും, വിപണിവിലയേക്കാൾ കുറച്ച് ഉപഭോക്താക്കൾക്ക് നൽകിവരുകയും ചെയ്യുന്നു.

| | |
|---|---|
| (സി) ഇതിലേക്കായി പുതിയ എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ? | (സി) നിലവിൽ കൃഷി വകുപ്പ് നടപ്പിലാക്കിവരുന്ന എല്ലാ പദ്ധതികളും കർഷകക്ഷേമത്തിനുതകുന്നതും കർഷകന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ